# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6298 | 27.09.2011 -ൽ മറുപടിയ്ക്ക് |
|---|---|

വികലാംഗരുടെ ലോൺ കുടിശ്ശിക എഴുതിത്തള്ളാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | വികലാംഗരുടെകുടിശ്ശികയായിട്ടുള്ള ലോണുകൾ എഴുതിത്തള്ളുകയോ അല്ലെങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് ആശ്വാസം നൽകുകയോ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | (എ) | പരിശോധിക്കാവുന്നതാണ്. |
| (ബി) | വികലാംഗരുടെ പുനരധിവാസത്തിന് വിപുലമായ ഒരു പാക്കേജ് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | വികലാംഗരുടെ തൊഴിൽ സംവരണം കൃത്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്? | (സി) | നിലവിൽ , സംസ്ഥാനത്തെ നിയമനങ്ങളിൽ 3% സംവരണം വികലാംഗർക്കായി നീക്കിവച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1:1:1 എന്ന അനുപാതത്തിൽ , താഴെ പറയുന്ന വികലാംഗ വിഭാഗങ്ങൾക്കായി കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ 01.01.2008 മുതൽ നിയമനം നടത്തി വരുന്നു.<br>i) Blindness or low Vision.<br>ii) Hearing impairment.<br>iii) Locomotor disability or cerebral palsy.<br>01.01.2004 മുതൽ 31.12.2007 വരെയുള്ള ബാക്ക് ലോഗ് ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നികത്തുവാൻ കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ